## മധുരമായ കുട്ടികളേ- തന്റെ ഉന്നതിയ്ക്കായി ദിവസവും രാത്രി ഉറങ്ങുന്നതിനുമുമ്പ് തന്റെ കണക്കുകൾ നോക്കൂ, പരിശോധിക്കൂ-ഞാൻ മുഴുവൻ ദിവസത്തിലും ആർക്കും ദുഃഖമൊന്നും കൊടുത്തില്ലല്ലോ?

**ചോദ്യം–** മഹാ സൗഭാഗ്യശാലികളായ കുട്ടികളിൽ ഏതൊരു സാമർത്ഥ്യമാണ് ഉണ്ടാവുക?
**ഉത്തരം–** മഹാ സൗഭാഗ്യശാലികളായ കുട്ടികൾ പതി- പത്നി ഒരുമിച്ച് ഇരുന്നുകൊണ്ടും പരസ്പരം ഭായി-ഭായിയായിരിക്കും. സ്ത്രീയാണ്, പുരുഷനാണ് എന്ന ബോധം ഉണ്ടാകില്ല. പക്കാ നിശ്ചയബുദ്ധികളായിരിക്കും. മഹാ സൗഭാഗ്യശാലികളായ കുട്ടികൾ പെട്ടെന്ന് മനസ്സിലാക്കും- ഞാനും വിദ്യാർത്ഥിയാണ്, ഇവരും വിദ്യാർത്ഥിയാണ്, സഹോദരി സഹോദരനാണ്, പക്ഷേ സ്വയം ആത്മാവാണെന്ന് മനസ്സിലാക്കുമ്പോഴേ ഈ സാമർത്ഥ്യം ഉണ്ടാകൂ.

**ഗീതം–** മുഖം നോക്കൂ ആത്മാവേ...........

**ഓം ശാന്തി**. ഈ കാര്യം ദിവസവും ബാബ കുട്ടികൾക്ക് മനസ്സിലാക്കിത്തരുന്നു, അതായത് ഉറങ്ങുന്നതിന് മുമ്പ് തന്റെ കണക്കുകൾ ഉള്ളുകൊണ്ട് നോക്കണം ആർക്കും ദുഃഖം കൊടുത്തില്ലല്ലോ, മാത്രമല്ല എത്ര സമയം ബാബയെ ഓർമ്മിച്ചു? പ്രധാനകാര്യം ഇതാണ്. ഗീതത്തിലും പറയുന്നു തന്റെയുള്ളിൽ നോക്കൂ- നമ്മൾ എത്രത്തോളം തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറി? മുഴുവൻ ദിവസത്തിലും എത്ര സമയം തന്റെ മധുരമായ അച്ഛനെ ഓർമ്മിച്ചു? ഒരു ദേഹധാരിയേയും ഓർമ്മിക്കേണ്ടതില്ല. മുഴുവൻ ആത്മാക്കളോടും പറയുന്നു തന്റെ അച്ഛനെ ഓർമ്മിക്കൂ. ഇപ്പോൾ തിരിച്ചുപോകണം. എവിടേയ്ക്ക് പോകണം? ശാന്തിധാമത്തിൽ ചെന്ന് പിന്നീട് പുതിയ ലോകത്തിലേയ്ക്ക് പോകണം. ഇത് പഴയ ലോകമല്ലേ. എപ്പോൾ ബാബ വരുന്നോ അപ്പോഴേ സ്വർഗ്ഗത്തിന്റെ വാതിൽ തുറക്കൂ. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് അറിയാം നമ്മൾ സംഗമയുഗത്തിലാണ് ഇരിക്കുന്നത്. ഇതും അത്ഭുതമാണ് എന്തെന്നാൽ ചിലർ സംഗമയുഗത്തിലേയ്ക്ക് വന്ന് ബോട്ടിൽ കയറി ഇരുന്നശേഷം പിന്നീട് ഇറങ്ങിപ്പോകുന്നു. ഇപ്പോൾ നിങ്ങൾ സംഗമയുഗത്തിൽ പുരുഷോത്തമനായി മാറുന്നതിനായി വന്ന് തോണിയിൽ ഇരിക്കുകയാണ്, മറുകരയിൽ എത്താനായി. ഇനി പഴയ കലിയുഗീ ലോകത്തിൽ നിന്നും മനസ്സിനെ മാറ്റണം. ഈ ശരീരത്തിലൂടെ കേവലം പാർട്ട് അഭിനയിക്കുക മാത്രം ചെയ്യണം. ഇപ്പോൾ വളരെ സന്തോഷത്തോടെ നമുക്ക് തിരിച്ചു പോകണം. മനുഷ്യർ മുക്തിയ്ക്കായി എത്ര തലയിട്ട് ഉടയ്ക്കുന്നു, പക്ഷേ മുക്തി- ജീവന്മുക്തിയുടെ അർത്ഥം അറിയുന്നില്ല. ശാസ്ത്രങ്ങളിൽ ഈ വാക്കുകൾ കേട്ടിട്ടുണ്ട് അത്രമാത്രം. അല്ലാതെ അത് എന്ത് സാധനമാണ്, ആരാണ് നൽകുന്നത്, എപ്പോഴാണ് നൽകുന്നത്, ഇതൊന്നും അറിയില്ല. നിങ്ങൾ കുട്ടികൾക്ക് അറിയാം ബാബ വരുന്നത് മുക്തി- ജീവന്മുക്തിയുടെ സമ്പത്ത് നൽകാനാണ്. അതും ഒരു തവണയല്ല അനേകം തവണ. എണ്ണമറ്റ അത്രയും തവണ നിങ്ങൾ മുക്തിയിൽ നിന്നും ജീവന്മുക്തിയിലേയ്ക്കും പിന്നീട് ജീവൻ ബന്ധനത്തിലേയ്ക്കും വന്നിട്ടുണ്ട്. നിങ്ങൾക്ക് ഇപ്പോൾ ഈ അറിവ് ലഭിച്ചു നമ്മൾ ആത്മാക്കളാണ്, ബാബ നമ്മൾ കുട്ടികൾക്ക് വളരെ ശിക്ഷണം നൽകുന്നുണ്ട്. നിങ്ങൾ ഭക്തിമാർഗ്ഗത്തിൽ ദുഃഖത്തോടെ ഓർമ്മിച്ചിരുന്നു, പക്ഷേ തിരിച്ചറിഞ്ഞിരുന്നില്ല. ഇപ്പോൾ ഞാൻ നിങ്ങൾക്ക് എന്റെ പരിചയം നൽകി, അതായത് എങ്ങനെ നിങ്ങൾ എന്നെ ഓർമ്മിച്ചാൽ വികർമ്മം വിനാശമാകും. ഇതുവരേയ്ക്കും എത്ര വികർമ്മം ഉണ്ടായിട്ടുണ്ട് എന്നത് തന്റെ കണക്ക് വഴക്കുകൾ നോക്കുമ്പോൾ മനസ്സിലാകും. ആരാണോ സേവനത്തിൽ മുഴുകിയിരിക്കുന്നത് അവർക്ക് മനസ്സിലാകും, സേവനത്തിന്റെ ലഹരിയുമുണ്ടാകും. പരസ്പരം അഭിപ്രായങ്ങൾ ആരാഞ്ഞ് സേവനത്തിനായി ഇറങ്ങുന്നു. മനുഷ്യരുടെ ജീവിതത്തെ വജ്രതുല്യമാക്കി മാറ്റുന്നതിന്. ഇത് എത്ര പുണ്യപ്രവർത്തിയാണ്. ഇതിൽ ചിലവിന്റെ കാര്യവുമില്ല. വജ്രസമാനമായി മാറുന്നതിനായി ബാബയെ ഓർമ്മിച്ചാൽ മാത്രം മതി. പുഷ്യരാഗ രത്നം, മരതക രത്നം എന്നിവയെല്ലാം നിങ്ങൾ തന്നെയാണ്. എത്രത്തോളം ഓർമ്മയിൽ ഇരിക്കുന്നുവോ അത്രയും വജ്രമായി മാറും. ചിലർ മാണിക്യമാകും, ചിലർ പുഷ്യരാഗമാകും. 9 രത്നങ്ങളുണ്ടല്ലോ. ചിലർ ഗ്രഹപ്പിഴ വരുമ്പോൾ 9 രത്നങ്ങളുടെ മോതിരം അണിയുന്നു. ഭക്തിമാർഗ്ഗത്തിൽ ഒരുപാട് മന്ത്രവാദങ്ങളുണ്ട്. ഇവിടെയാണെങ്കിൽ എല്ലാ ധർമ്മത്തിലുള്ളവർക്കും ഒരേയൊരു മന്ത്രമേയുള്ളു- മന്മനാഭവ- എന്തുകൊണ്ടെന്നാൽ ദൈവം ഒന്നേയുള്ളു. മനുഷ്യനിൽ നിന്നും ദേവതയാവാൻ അഥവാ മുക്തി- ജീവന്മുക്തി നേടാൻ ഒരു വഴിയേയുള്ളു, ബാബയെ ഓർമ്മിക്കുക എന്നത് മാത്രം, ബുദ്ധിമുട്ടിന്റെ ഒരു കാര്യവുമില്ല. എനിക്ക് ഓർമ്മ എന്തുകൊണ്ടാണ് നിലനിൽക്കാത്തത് എന്നത് ചിന്തിക്കണം. മുഴുവൻ ദിവസത്തിലും ഇത്ര കുറച്ച് മാത്രം ഓർമ്മിച്ചതെന്തുകൊണ്ടാണ്? ഈ ഓർമ്മയിലൂടെ നമ്മൾ സദാ ആരോഗ്യവാനും നിരോഗിയുമായി മാറുമെങ്കിൽ എന്തുകൊണ്ട് നമുക്ക്

തന്റെ ചാർട്ട് വെച്ച് ഉന്നതി നേടിക്കൂടാ. വളരെ പേർ ഇങ്ങനെയുണ്ട് അവർ 2–4 ദിവസം ചാർട്ട് വെയ്ക്കും പിന്നീട് മറന്നുപോകും. ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുന്നത് വളരെ സഹജമാണ്. പുതിയ ലോകത്തെ സത്യയുഗം എന്നും പഴയ ലോകത്തെ കലിയുഗം എന്നും പറയുന്നു. കലിയുഗം മാറി സത്യ യുഗം വരും. മാറുന്നുണ്ട് അപ്പോഴാണ് ഞാൻ മനസ്സിലാക്കിത്തരുന്നത്.

ചില കുട്ടികൾക്ക് ഇതുപോലും പക്കാ നിശ്ചയമില്ല അതായത് ഇത് അതേ നിരാകാരനായ അച്ഛനാണ് നമ്മെ ബ്രഹ്മാശരീരത്തിൽ വന്ന് പഠിപ്പിക്കുന്നത്. ബ്രാഹ്മണരല്ലേ. ബ്രഹ്മാകുമാരൻ– ബ്രഹ്മാകുമാരി എന്ന് വിളിക്കുന്നു, അതിന്റെ അർത്ഥം എന്താണ്, സമ്പത്ത് എവിടെ നിന്ന് ലഭിക്കും! എന്തെങ്കിലും പ്രാപ്തിയു ണ്ടാകുമ്പോഴാണ് ദത്തെടുക്കുന്നത്. നിങ്ങൾ ബ്രഹ്മാവിന്റെ കുട്ടികൾ ബ്രഹ്മാകുമാരൻ– ബ്രഹ്മാകുമാരി യായി മാറിയത് എന്തിനാണ്? സത്യമായും ആയോ അതോ ഇതിലും എന്തെങ്കിലും സംശയങ്ങൾ ബാക്കി യുണ്ടോ. ആരാണോ മഹാ സൗഭാഗ്യശാലികളായ കുട്ടികൾ അവർ പതി– പത്നി ഒരുമിച്ച് ഇരുന്നുകൊണ്ട് പരസ്പരം സഹോദരങ്ങളാണ് എന്ന് മനസ്സിലാക്കും. സ്ത്രീയാണ് പുരുഷനാണ് എന്ന ബോധം ഉണ്ടാകി ല്ല. പക്കാ നിശ്ചയബുദ്ധിയല്ലെങ്കിൽ സ്ത്രീ പുരുഷൻ എന്ന ദൃഷ്ടി മാറുന്നതിന് തന്നെ സമയം എടുക്കും. മഹാ സൗഭാഗ്യശാലികളായ കുട്ടികൾ പെട്ടെന്ന് മനസ്സിലാക്കും ഞാനും വിദ്യാർത്ഥിയാണ്, ഇവരും വിദ്യാർത്ഥിയാണ്, സഹോദരീ സഹോദരനാണ്. സ്വയം ആത്മാവാണ് എന്ന് മനസ്സിലാക്കുമ്പോഴേ ഇത്രയും വിവേകം ഉണ്ടാകൂ. ആത്മാക്കൾ എല്ലാവരും പരസ്പരം സഹോദരങ്ങളാണ്, പിന്നീട് ബ്രഹ്മാകുമാരീ കുമാ രന്മാരാകുന്നതിലൂടെ സഹോദരീ സഹോദരന്മാരായി മാറുന്നു. ചിലർ ബന്ധനമുക്തരാണ്, എന്നിട്ടും ബുദ്ധി എവിടേയ്ക്കെങ്കിലുമൊക്കെ പോകുന്നു. കർമ്മാതീത അവസ്ഥ ഉണ്ടാകുന്നതിന് സമയം എടുക്കും. നിങ്ങൾ കുട്ടികളുടെ ഉള്ളിൽ വളരെ അധികം സന്തോഷം ഉണ്ടാകണം. ഒരു പ്രശ്നവും ഉണ്ടാകരുത്. നമ്മൾ ആത്മാക്കൾ പഴയ ശരീരം മുതലായ എല്ലാം ഉപേക്ഷിച്ച് ഇപ്പോൾ ബാബയുടെ അടുത്തേയ്ക്ക് പോവുക യാണ്. നമ്മൾ എത്ര പാർട്ട് അഭിനയിച്ചു. ഇപ്പോൾ ചക്രം പൂർത്തിയാവുകയാണ്. ഇങ്ങനെ ഇങ്ങനെ തന്നോ ടുതന്നെ സംസാരിക്കൂ. എത്രത്തോളം സംസാരിച്ചുകൊണ്ടിരിക്കുന്നുവോ അത്രയും ഹർഷിതമായിരിക്കും മാത്രമല്ല തന്റെ പെരുമാറ്റത്തേയും നോക്കിക്കൊണ്ടിരിക്കും– എത്രത്തോളം ഞാൻ ലക്ഷ്മി അഥവാ നാരാ യണനെ വരിക്കുന്നതിന് യോഗ്യനായി മാറി? ബുദ്ധികൊണ്ട് മനസ്സിലാക്കാൻ സാധിക്കും– ഇനി കുറച്ച് സമയത്തിനുള്ളിൽ പഴയ ശരീരം ഉപേക്ഷിക്കണം. നിങ്ങൾ അഭിനേതാക്കളുമാണല്ലോ. സ്വയം അഭിനേ താവാണ് എന്ന് മനസ്സിലാക്കുന്നുണ്ടോ. മുമ്പ് കരുതിയിരുന്നില്ല, ഇപ്പോൾ ഈ ജ്ഞാനം ലഭിച്ചു അതി നാൽ ഉള്ളിൽ വളരെ അധികം സന്തോഷമുണ്ടാകണം. പഴയ ലോകത്തോട് വൈരാഗ്യവും വെറുപ്പും വര ണം.

നിങ്ങൾ പരിധിയില്ലാത്ത സന്യാസിയും രജയോഗിയുമാണ്. ഈ പഴയ ശരീരത്തേയും ബുദ്ധികൊണ്ട് സന്യസിക്കണം. ആത്മാവ് മനസ്സിലാക്കുന്നുണ്ട്– ഇതിൽ മനസ്സ് വെയ്ക്കരുത്. ബുദ്ധികൊണ്ട് ഈ പഴയ ലോകം, പഴയ ശരീരം എന്നിവയെ സന്യസിക്കണം. ഇപ്പോൾ നമ്മൾ ആത്മാക്കൾ പോവുകയാണ്, പോയി ബാബയെക്കാണും. ഒരു ബാബയെ ഓർമ്മിച്ചാലേ ഇത് സംഭവിക്കൂ. ബാക്കി ആരെയെങ്കിലും ഓർമ്മിച്ചാൽ തീർച്ചയായും അവർ സ്മൃതിയിൽ വരും. പിന്നീട് ശിക്ഷകളും അനുഭവിക്കേണ്ടിവരും പദവിയും ഭ്രഷ്ടമാ കും. ആരാണോ നല്ല നല്ല കുട്ടികൾ അവർ തന്നോടുതന്നെ പ്രതിജ്ഞ ചെയ്യും ഞങ്ങൾ സ്കോളർഷിപ്പ് നേടിയിട്ടേ വിടൂ. അതിനാൽ ഇവിടെയും ഓരോരുത്തർക്കും ഈ ചിന്തവേണം അതായത് നമ്മൾ ബാബ യിൽ നിന്നും മുഴുവൻ രാജ്യഭാഗ്യവും നേടിയിട്ടേ ഇരിക്കൂ. അവരുടെ പെരുമാറ്റവും പിന്നെ അങ്ങനെയു ള്ളതാവും. മുന്നോട്ട് പോകവേ പുരുഷാർത്ഥം ചെയ്ത് ചെയ്ത് മുന്നേറണം. ദിവസവും വൈകുന്നേരം തന്റെ അവസ്ഥയെ നോക്കുന്നവർക്കേ ഇത് സാധ്യമാകൂ. ഓരോരുത്തരുടേയും വാർത്ത ബാബയുടെ പക്കലെത്തുന്നുണ്ടല്ലോ. ബാബയ്ക്ക് എല്ലാവരേയും മനസ്സിലാക്കാൻ സാധിക്കും, നിങ്ങളിൽ അത് കാണപ്പെടുന്നില്ല എന്നത് ചിലരോട് പറയുകയും ചെയ്യും. ലക്ഷ്മീ നാരായണനായി മാറുന്നതിനുള്ള ലക്ഷണം കാണപ്പെടുന്നില്ല. പെരുമാറ്റം, കഴിക്കുന്നത്– കുടിക്കുന്നത് എല്ലാം നോക്കൂ. എന്ത് സേവനം ചെയ്യുന്നു! പിന്നീട് എന്ത് ആവും! പിന്നീട് ഹൃദയത്തിൽ തോന്നും– ഞാൻ എന്തെങ്കിലും ചെയ്ത് കാണി ക്കും. ഇതിൽ ഓരോരുത്തർക്കും സ്വതന്ത്രമായി തന്റെ ഭാഗ്യത്തെ ഉണർത്തുന്നതിനായി പഠിക്കണം. അഥവാ ശ്രീമതം അനുസരിച്ച് നടക്കുന്നില്ലെങ്കിൽ പിന്നെ ഇത്രയും ഉയർന്ന പദവി നേടാനും സാധിക്കില്ല. ഇപ്പോൾ വിജയിക്കുന്നില്ലെങ്കിൽ കല്പ കല്പം ഇങ്ങനെതന്നെയാവും. നിങ്ങൾക്ക് എല്ലാം സാക്ഷാത്ക്കാരമുണ്ടാ കും– ഞാൻ ഏത് പദവി നേടാൻ യോഗ്യനാണ്? തന്റെ പദവിയുടേയും സാക്ഷാത്ക്കാരം ഉണ്ടാകും. ആരംഭത്തിലും സാക്ഷാത്ക്കാരം ഉണ്ടായിരുന്നു പിന്നീട് ബാബ കേൾപ്പിക്കുന്നത് വിലക്കിയിരുന്നു. അവ സാനം എല്ലാവർക്കും മനസ്സിലാകും ഞാൻ എന്തായി മാറുമെന്ന് പിന്നീട് ഒന്നും ചെയ്യാൻ സാധിക്കില്ല. കല്പ കല്പാന്തരങ്ങളിലേയ്ക്ക് ഈ അവസ്ഥയാകും. ഇരട്ടക്കിരീടവും, ഇരട്ട രാജ്യഭാഗ്യവും നേടാൻ

സാധിക്കില്ല. ഇപ്പോൾ പുരുഷാർത്ഥം ചെയ്യാനുള്ള മാർജിൻ വളരെയുണ്ട്, ത്രേതയുടെ അന്തിമം വരെ 16108ന്റെ വളരെ വലിയ മാലയുണ്ടാകണം. ഇവിടേയ്ക്ക് നിങ്ങൾ വന്നത് തന്നെ നരനിൽ നിന്നും നാരായണനായി മാറുന്നതിനുള്ള പുരുഷാർത്ഥം ചെയ്യാനാണ്. കുറഞ്ഞ പദവിയുടെ സാക്ഷാത്ക്കാരം ലഭിക്കുമ്പോൾ വെറുപ്പ് തോന്നാൻ തുടങ്ങും. തല താഴ്ത്തും. ഞാൻ ഒരു പുരുഷാർത്ഥവും ചെയ്തില്ല. ബാബ എത്ര മനസ്സിലാക്കിത്തന്നു ചാർട്ട് വെയ്ക്കൂ, ഇതു ചെയ്യൂ എന്ന്, അതിനാലാണ് ബാബ പറയാറുണ്ടായിരുന്ന ആരെല്ലാം വരുന്നുവോ അവരുടെയെല്ലാം ഫോട്ടോ വേണം. ഗ്രൂപ്പായി ഒരുമിച്ചുള്ള ഫോട്ടോ ആയാലും മതി. പാർട്ടികളെ കൊണ്ടുവരാറുണ്ടല്ലോ. പിന്നീട് തിയതിയിട്ട് ഫിലിമും സൂക്ഷിക്കണം. പിന്നീട് ബാബ പറഞ്ഞുതരും ആരാണ് വീണത്? ബാബയുടെ പക്കൽ എല്ലാ വാർത്തകളും വരുന്നുണ്ട്, പറഞ്ഞുതരും. എത്രപേരെ മായ വലിച്ചുകൊണ്ടുപോയി. അവസാനിച്ചു. ഒരുപാട് പെൺകുട്ടികളും വീഴുന്നുണ്ട്. തീർത്തും ദുർഗതി പ്രാപിക്കുന്നു, കാര്യം ചോദിക്കുകയേ വേണ്ട. അതിനാൽ ബാബ പറയുന്നു- കുട്ടികളേ, ശ്രദ്ധയോടെയിരിക്കൂ. മായ ഏതെങ്കിലുമൊക്കെ രൂപം ധരിച്ച് പിടികൂടും. ഏതെങ്കിലും നാമ രൂപത്തിനുനേർക്ക് നോക്കുകപോലും ചെയ്യരുത്. തീർച്ചയായും ഈ കണ്ണുകൾകൊണ്ട് കാണും എങ്കിലും ബുദ്ധിയിൽ ഒരു ബാബയുടെ ഓർമ്മവേണം. ബാബയെത്തന്നെ കാണാനും ഓർമ്മിക്കാനും വേണ്ടിയാണ് മൂന്നാമത്തെ നേത്രം ലഭിച്ചിരിക്കുന്നത്. ദേഹാഭിമാനത്തെ ഉപേക്ഷിച്ചുകൊണ്ടിരിക്കൂ. താഴോട്ടുനോക്കി ആരോടെങ്കിലും സംസാരിക്കണം എന്നല്ല. അങ്ങനെയുള്ള ബലഹീനരാകരുത്. കണ്ടുകൊണ്ടും ബുദ്ധിയോഗം തന്റെ അതിസ്നേഹിയായ പ്രിയതമനുനേർക്കായിരിക്കണം. ഈ ലോകത്തെ കണ്ടുകൊണ്ടും ഉള്ളിൽ മനസ്സിലാക്കണം ഇത് ശവപ്പറമ്പാകാനുള്ളതാണ്. ഇതിനോട് എന്ത് ബന്ധം വെയ്ക്കാനാണ്. നിങ്ങൾക്ക് ജ്ഞാനം ലഭിക്കുന്നു- അതിനെ ധാരണ ചെയ്ത് അതനുസരിച്ച് നടക്കണം.

നിങ്ങൾ കുട്ടികൾ പ്രദർശിനികളിൽ മനസ്സിലാക്കിക്കൊടുക്കുന്ന സമയത്ത് ആയിരം തവണ വായിൽ നിന്നും ബാബാ ബാബാ എന്നത് വരണം. ബാബയെ ഓർമ്മിക്കുന്നതിലൂടെ നിങ്ങൾക്ക് എത്ര ലാഭമുണ്ടാകും. ശിവബാബ പറയുന്നു എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും. ശിവബാബയെ ഓർമ്മിക്കു എങ്കിൽ തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമായി മാറും. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ. ഇത് മറന്നുപോകരുത്. ബാബയുടെ നിർദ്ദേശം ലഭിക്കുന്നു മന്മനാഭവ. ബാബ പറഞ്ഞിട്ടുണ്ട് ബാബാ എന്ന ഈ ശബ്ദം മനസ്സിലിട്ട് ഉരച്ചുകൊണ്ടേയിരിക്കൂ. മുഴുവൻ ദിവസവും ബാബാ ബാബാ എന്ന് പറഞ്ഞുകൊണ്ടിരിക്കണം. രണ്ടാമത് ഒരു കാര്യവുമില്ല. നമ്പർവൺ മുഖ്യമായ കാര്യം ഇതുതന്നെയാണ്. ആദ്യം ബാബയെ അറിയണം, ഇതിലാണ് മംഗളം. ഈ 84 ജന്മങ്ങളുടെ ചക്രത്തെ മനസ്സിലാക്കുന്നത് വളരെ സഹജമാണ്. കുട്ടികൾക്ക് പ്രദർശിനിയിൽ മനസ്സിലാക്കിക്കൊടുക്കുന്നതിനുള്ള താല്പര്യം ഉണ്ടായിരിക്കണം. അഥവാ ഏതെങ്കിലും കാര്യം മനസ്സിലാക്കിക്കൊടുക്കാൻ കഴിയുന്നില്ല എന്നുകണ്ടാൽ ഞങ്ങൾ ഞങ്ങളുടെ മുതിർന്ന സഹോദരിയെ വിളിക്കാം എന്നു പറയണം, എന്തുകൊണ്ടെന്നാൽ ഇതും പാഠശാലയല്ലേ. ഇതിൽ ചിലർ കുറവും, ചിലർ കൂടുതലും പഠിക്കും. ഇതു പറയുന്നതിൽ ദേഹാഭിമാനം വരാൻ പാടില്ല. എവിടെ വലിയ സെന്ററുണ്ടോ അവിടെ പ്രദർശിനികളും സംഘടിപ്പിക്കണം. ഗേറ്റ് വേ ടു ഹെവൻ- എന്ന ചിത്രം തൂക്കണം. ഇപ്പോൾ സ്വർഗ്ഗത്തിലേയ്ക്കുള്ള വാതിൽ തുറക്കുകയാണ്. ഈ മഹായുദ്ധത്തിനുമുമ്പുതന്നെ തന്റെ സമ്പത്ത് എടുക്കൂ. എങ്ങനെയാണോ ദിവസവും ക്ഷേത്രത്തിലേയ്ക്ക് പോകുന്നത് അതുപോലെ നിങ്ങൾക്കു പുറകെ പാഠശാലയാണ്. ചിത്രം തൂക്കിയിട്ടുണ്ടെങ്കിൽ മനസ്സിലാക്കുന്നത് സഹജമാകും. നമുക്ക് നമ്മുടെ പാഠശാലയെ എങ്ങനെ ചിത്രശാലയാക്കി മാറ്റാം? എന്നതിൽ പരിശ്രമിക്കണം. പകിട്ടുണ്ടെങ്കിൽ ആളുകൾ വരും. വൈകുണ്ഠത്തിലേയ്ക്ക് പോകുന്നതിനുള്ള വഴി, ഒരു സെക്കന്റിൽ മനസ്സിലാക്കേണ്ട വഴിയാണ്. ബാബ പറയുന്നു തമോപ്രധാനമായ ആർക്കും വൈകുണ്ഠത്തിലേയ്ക്ക് പോകാൻ കഴിയില്ല. പുതിയ ലോകത്തിലേയ്ക്ക് പോകാൻ സതോപ്രധാനമായി മാറണം, ഇതിൽ ഒരു മാറ്റവുമില്ല. ഏതെങ്കിലും ക്ഷേത്രത്തിലേയ്ക്കോ ചർച്ചിലേയ്ക്കോ പോകേണ്ട ഒരു ആവശ്യവുമില്ല. ഓർമ്മിച്ച് ഓർമ്മിച്ച് പവിത്രമായി മാറി നേരേ മധുരമായ വീട്ടിലേയ്ക്ക് പോകും. ഞാൻ ഗ്യാരന്റി നൽകുന്നു നിങ്ങൾ ഇങ്ങനെ അപവിത്രത്തിൽ നിന്നും പവിത്രമായി മാറും. സൃഷ്ടിചക്രത്തിൽ ഗേറ്റ് വലുതായി കാണിക്കണം. സ്വർഗ്ഗത്തിന്റെ ഗേറ്റ് എങ്ങനെയാണ് തുറക്കുന്നത്. എത്ര വ്യക്തമാണ്. നരകത്തിന്റെ ഗേറ്റ് അടയണം. സ്വർഗ്ഗത്തിൽ നരകത്തിന്റെ പേരുപോലും ഉണ്ടാകില്ല. കൃഷ്ണനെ എത്ര ഓർമ്മിക്കുന്നു. പക്ഷേ ആർക്കും അറിയില്ല അവർ എപ്പോഴാണ് വരുന്നത്, ഒന്നും തന്നെ അറിയുന്നില്ല. ബാബയെപ്പോലും അറിയില്ല. ഭഗവാൻ നമ്മെ വീണ്ടും രാജയോഗം പഠിപ്പിക്കുകയാണ്- ഇത് ഓർമ്മവെയ്ക്കൂ എങ്കിൽ എത്ര സന്തോഷമുണ്ടാകും. നമ്മൾ ഈശ്വരീയ പിതാവിന്റെ വിദ്യാർത്ഥികളാണ് എന്ന സന്തോഷവും ഉണ്ടാകണം. ഇത് എന്തിന് മറക്കണം. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും

പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

## ധാരണയ്ക്കുള്ള മുഖ്യസാരം–

1) മുഴുവൻ ദിവസവും മുഖത്തുനിന്ന് ബാബാ ബാബാ എന്ന ശബ്ദം വരണം, പ്രദർശിനികളിൽ മനസ്സിലാക്കിക്കൊടുക്കുമ്പോഴെങ്കിലും കുറഞ്ഞത് മുഖത്തുനിന്ന് ആയിരം തവണ ബാബാ, ബാബാ എന്നത് വരണം.

2) ഈ കണ്ണുകൾകൊണ്ട് എല്ലാം കണ്ടുകൊണ്ടും, ഒരു ബാബയുടെ ഓർമ്മയുണ്ടാകണം, പരസ്പരം സംസാരിക്കുമ്പോഴും മൂന്നാമത്തെ നേത്രത്തിലൂടെ ആത്മാവിനേയും ആത്മാവിന്റെ അച്ഛനേയും കാണുന്നതിനുള്ള അഭ്യാസം ചെയ്യണം.

## വരദാനം : ഓരോ സെക്കന്റിനെയും സങ്കൽപത്തെയും അമൂല്യ രീതിയിൽ ചെലവഴിക്കുന്ന അമൂല്യ രത്നമായി ഭവിക്കട്ടെ.

സംഗമയുഗത്തിന്റെ ഒരു സെക്കന്റിനു പോലും വളരെ വലിയ വിലയുണ്ട്. ഒന്നിന് ലക്ഷം മടങ്ങ് ആകുന്നതു പോലെ ഒരു സെക്കന്റ് പോലും വ്യർഥമായി പോകുന്നുവെങ്കിൽ ലക്ഷം മടങ്ങ് വ്യർഥമായി പോകുന്നു. അതിനാൽ ഇത്രയും ശ്രദ്ധ വെക്കൂ എങ്കിൽ ആലസ്യം സമാപ്തമായി പോകും. ഇപ്പോഴാണെങ്കിൽ ആരും കണക്കെടുക്കാനില്ല എന്നാൽ അൽപ സമയത്തിനു ശേഷം പശ്ചാത്താപമുണ്ടാകും എന്തെന്നാൽ ഈ സമയത്തിന് വളരെ മൂല്യമുണ്ട്. ആര് തന്റെ ഓരോ സെക്കന്റ്, ഓരോ സങ്കൽപത്തെ അമൂല്യ രീതിയിൽ ചെലവഴിക്കുന്നുവോ അവരാണ് അമൂല്യ രത്നമാകുന്നത്.

## സ്ലോഗൻ:– ആര് സദാ യോഗയുക്തമാണോ അവർ സഹയോഗത്തിന്റെ അനുഭവം ചെയ്ത് വിജയിയായി മാറുന്നു.

**അവ്യക്ത സൂചനകൾ ആത്മീയ സ്ഥിതിയിൽ കഴിയുവാനുള്ള അഭ്യാസം ചെയ്യൂ അന്തർമുഖിയാകൂ**
ആത്മാവ് എന്ന വാക്ക് സ്മൃതിയിൽ വരുന്നതിലൂടെ തന്നെ ആത്മീയതയ്ക്കൊപ്പം ശുഭഭാവനയും വന്നുചേരുന്നു. പവിത്ര ദൃഷ്ടിയായി മാറുന്നു. ആരെങ്കിലും നിന്ദ നൽകുകയാണെങ്കിൽ പോലും പക്ഷേ ഈ സ്മൃതി ഉണ്ടായിരിക്കണം ഈ ആത്മാവ് തമോഗുണി പാർട്ട് നടത്തുകയാണ്. അതിലൂടെ വെറുപ്പ് വരികയില്ല അവരെ പ്രതിയും ശുഭഭാവന ഉണ്ടായിക്കൊണ്ടിരിക്കും.